2023
OCTOBER
31
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## 26,000 രൂപ , ഇന്ത്യ മുഴുവൻ ചുറ്റിവരാം! 13 ദിവസത്തെ യാത്രയൊരുക്കി റെയിൽവേ

**തിരുവനന്തപുരം:** കുറഞ്ഞ ചെലവിൽ ഇന്ത്യയിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് യാത്രയൊരുക്കുന്ന ഭാരത് ഗൗരവ് ട്രെയിനിലെ 3 എസി , സ്ലീപ്പർ ക്ലാസുകളിലായിരിക്കും യാത്ര. നോർത്ത് വെസ്റ്റേൺ ഡിലൈറ്റ് വിത്ത് വൈഷ്ണോദേവി എന്നാണ് ഈ പാക്കേജിൻറെ പേര്. 12 രാത്രികളും 13 പകലുകളും നീളുന്ന യാത്ര നവംബർ 19 ന് ആരംഭിക്കും. ഡിസംബർ ഒന്നിനാകും മടങ്ങിയെത്തുക. നിലവിൽ 544 സ്റ്റാൻഡേർഡ് സീറ്റുകളും 210 കംഫർട്ട് സീറ്റുകളുമടക്കം മൊത്തം 754 സീറ്റുകളാണ് ട്രെയിനിൽ ഉള്ളത്.

സ്ലീപ്പർ ക്ലാസ്, ട്രാൻസ്ഫർ ചെയ്യാനുള്ള നോൺ എസി വാഹനങ്ങൾ, രാത്രി തങ്ങുന്ന സ്ഥലങ്ങളിൽ താമസിക്കാൻ ട്രിപ്പിൾ ഷെയറിങ് അടിസ്ഥാനത്തിൽ എസി മുറികൾ തുടങ്ങിയ സൗകര്യങ്ങൾ ഉള്ള സ്റ്റാൻഡേർഡ് സീറ്റ് ബുക്ക് ചെയ്യാൻ മുതിർന്നവർക്ക് 26,310 രൂപയും 511 വയസുള്ള കുട്ടികൾക്ക് 24,600 രൂപയുമാണ് നിരക്ക്. ട്രെയിനിലെ എസി 3 ടയർ യാത്ര, ട്രാൻസ്ഫറുകൾക്കായി നോൺ എസി വാഹനങ്ങൾ, ട്രിപ്പിൾ ഷെയറിങ് അടിസ്ഥാനത്തിൽ രാത്രി താമസത്തിനായി ബജറ്റ് ഹോട്ടലുകളിൽ എസി മുറികൾ എന്നിവയാണ് കംഫർട്ട് സീറ്റുകൾക്ക് നൽകുന്ന സൗകര്യങ്ങൾ. ഇതിന് മുതിർന്നവർക്ക് 39,240 രൂപയും കുട്ടികൾക്ക് 37,530 രൂപയുമാണ് നിരക്ക്.

രാവിലെ ചായ, വെജിറ്റേറിയൻ പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം എന്നിവ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ സഹായങ്ങൾക്കായി ഐആർസിടിസി ടൂർ മാനേജർമാർ ട്രെയിനിൽ ഉണ്ടാകും. സ്മാരകങ്ങൾക്കുള്ള പ്രവേശന ഫീസ്, ടൂർ ഗൈഡിൻറെ സേവനം എന്നിവ പാക്കേജിൻറെ ഭാഗമല്ല.

കേരളത്തിലെ കൊച്ചുവേളി, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം ടൗൺ, തൃശൂർ, ഷൊർണൂർ ജംങ്ഷൻ, കോഴിക്കോട്, കണ്ണൂർ, എന്നിവിടങ്ങളിലും മംഗളൂരുവിലും ബോർഡിങ്, ഡീബോർഡിങ് പോയിൻറുകൾ ഉണ്ടാകും.

അഹമ്മദാബാദ്, സ്റ്റാച്യു ഓഫ് യൂണിറ്റി, ജയ്പൂർ, വൈഷ്ണോദേവി, അമൃതസർ എന്നിവിടങ്ങളിൽ യാത്രക്കാർ സന്ദർശനം നടത്തും. അഹമ്മദാബാദിൽ സബർമതി ആശ്രമം, അക്ഷർധാം, മൊധേര സൂര്യക്ഷേത്രം, അദ്‌ലെജ് സ്റ്റെപ്പ് വെൽ എന്നിവിടങ്ങളിൽ കൊണ്ടുപോകും. ജയ്പൂരിലെ സിറ്റി പാലസ്, ഹവാമഹൽ, അമേർ ഫോർട്ട് എന്നിവയും അമൃതസറിൽ സുവർണ്ണ ക്ഷേത്രം, ജാലിയൻ വാലാബാഗ്, വാഗാ അതിർത്തി എന്നിവയും സന്ദർശിക്കും.

## ലാവലിൻ കേസ് സുപ്രീംകോടതി ഇന്ന് വീണ്ടും പരിഗണിക്കും

**ന്യൂഡൽഹി:** എസ്എൻസി ലാവലിൻ കേസ് സുപ്രീംകോടതി ഇന്ന് വീണ്ടും പരിഗണിക്കും. ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ മൂന്നംഗ ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. ജസ്റ്റിസ് ദീപാങ്കർ ദത്ത, ജസ്റ്റിസ് ഉജ്ജൽ ഭുവിയാൻ എന്നിവരാണ് ബെഞ്ചിലെ മറ്റ് അംഗങ്ങൾ.

2017ൽ സുപ്രീംകോടതിയിലെത്തിയ കേസ് കഴിഞ്ഞ ആറ് വർഷത്തിനിടെ നാല് ബെഞ്ചുകളിലായി 35 തവണയാണ് ലിസ്റ്റ് ചെയ്യപ്പെട്ടതെങ്കിലും കോടതി പരിഗണിച്ചില്ല. ഇക്കഴിഞ്ഞ ഒക്ടോബർ പത്തിനും കേസ് ലിസ്റ്റ് ചെയ്തിരുന്നെങ്കിലും ഫലം മറ്റൊന്നായിരുന്നില്ല.

പന്നിയാർ, ചെങ്കുളം, പള്ളിവാസൽ ജലവൈദ്യുത പദ്ധതികളുടെ നവീകരണത്തിന് കാനഡയിലെ എസ്എൻസി ലാവലിൻ കമ്പനിയുമായി കരാറുണ്ടാക്കിയതിൽ ക്രമക്കേടുണ്ടായെന്നും ഇതുവഴി 86.25 കോടിയുടെ നഷ്ടം സംഭവിച്ചുവെന്നുമാണ് കേസ്.

# ടാറ്റയ്ക്ക് 766 കോടി രൂപ നൽകണം; ബംഗാൾ സർക്കാരിന് തിരിച്ചടി

**കൊൽക്കത്ത:** സിംഗൂരിലെ നാനോ ഫാക്ടറി അടച്ചുപൂട്ടിയ വകയിൽ ബംഗാൾ സർക്കാർ ടാറ്റ മോട്ടോഴ്സിന് 765.78 കോടി രൂപ നൽകണമെന്ന് മൂന്നംഗം ആർബിട്രൽ ട്രൈബ്യൂണലിൻറെ വിധി. 2016 സെപ്റ്റംബർ മുതലുള്ള 11 ശതമാനം പലിശസഹിതമുള്ള തുകയാണിത്.

പശ്ചിമബംഗാളിലെ സിംഗൂരിലെ ഓട്ടോമൊബൈൽ നിർമ്മാണ കേന്ദ്രത്തെ സംബന്ധിച്ച്, മൂന്നംഗ ആർബിട്രൽ ട്രൈബ്യൂണലിന് മുമ്പാകെയുണ്ടായിരുന്ന തീർപ്പുകൽപ്പിക്കാത്ത വ്യവഹാര നടപടികൾ 2023 ഒക്ടോബർ 30ന് ടാറ്റ മോട്ടോഴ്സിന് അനുകൂലമായി ഏകകണ്ഠമായി തീർപ്പാക്കിയതായി അറിയിക്കുന്നു. തൽഫലമായി സെപ്റ്റംബർ ഒന്നു മുതൽ 11 ശതമാനം പലിശ



സഹിതമുള്ള 765.78 കോടി രൂപ തിരിച്ചെടുക്കാൻ ടാറ്റ മോട്ടോഴ്സിന് അവകാശമുണ്ട് ടാറ്റ മോട്ടോഴ്സ് നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിന് നൽകിയ കുറിപ്പിൽ ടാറ്റ അറിയിച്ചു.

2008ൽ ബംഗാളിൽ സ്ഥാപിക്കാനിരുന്ന നാനോ ഫാക്ടറി ഇപ്പോഴത്തെ മുഖ്യമന്ത്രിയും അന്നത്തെ പ്രതിപക്ഷ നേതാവുമായിരുന്ന മമതാ ബാനർജിയുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധങ്ങളെത്തുടർന്ന് പിന്നീട് ഗുജറാത്തിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു.

പിന്നീട് തൃണമൂൽ കോൺഗ്രസ് അധികാരത്തിലെത്തിയപ്പോൾ ടാറ്റയ്ക്ക് ഫാക്ടറി സ്ഥാപിക്കാനായി ഭൂമി വാഗ്ദാനം ചെയ്തുവെങ്കിലും കമ്പനി അത് നിരസിക്കുകയായിരുന്നു.





യാത്ര ആവശ്യത്തിനായി ഉപയോഗിക്കുന്ന കാറുകൾ വ്യാപാര ആവശ്യത്തിന് ഉപയോഗിക്കുന്നത് തടയണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ്, ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ്, ട്രഷർ സി.എസ് അജ്മൽ എന്നിവരുടെ നേതൃത്വത്തിൽ എറണാകുളം റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ ജി അനന്ത കൃഷ്ണന് നിവേദനം നൽകിയപ്പോൾ

# കാർബൂട്ട് സെയിൽ : ആർടിഒയ്ക്ക് നിവേദനം നൽകി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി

**കൊച്ചി:** യാത്ര ആവശ്യത്തിനായി ഉപയോഗിക്കുന്ന കാറുകൾ വ്യാപാര ആവശ്യത്തിന് ഉപയോഗിക്കുന്നത് തടയണമെന്നാവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ എറണാകുളം ആർ.ടി.ഒയ്ക്ക് നിവേദനം നൽകി. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ പ്രസിഡന്റ് പി.സി ജേക്കബ്ബ്, ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ്, ട്രഷർ സി.എസ് അജ്മൽ,യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് കെ.എസ് നിഷാദ് എന്നിവരുടെ നേതൃത്വത്തിലാണ് എറണാകുളം റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ ജി അനന്തകൃഷ്ണന് നിവേദനം നൽകിയത്.

കേരള മോട്ടോർ വാഹന നിയമത്തിന്റെ നഗ്നമായ ലംഘനമായ കാർ ബൂട്ട് സെയിലെന്ന് ഏകോപന സമിതി നേതാക്കൾ ചൂണ്ടിക്കാട്ടി. നിയമ ലംഘനം നടത്തുന്ന വാഹന ഉടമകളുടെ പേരിൽ കേസ് എടുക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമെന്നും ഇതിനായി മോട്ടോർ വാഹന വകുപ്പ് സ്പെഷ്യൽ സ്ക്വാഡിനെ നിയോഗിക്കുമെന്നും ആർ.ടി.ഒ ഉറപ്പു നൽകിയതായി ഏകോപന സമിതി നേതാക്കൾ അറിയിച്ചു.

# വിങ്സ് ഓഫ് ലൈഫ് ഏകാംഗ ചിത്രപ്രദർശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന ലീന ജോഷി വാസിന്റെ വിങ്സ് ഓഫ് ലൈഫ് ഏകാംഗ ചിത്രപ്രദർശനം ഒക്ടോബർ 31 ന് കോട്ടയം അക്കാദമി ആർട്ട് ഗ്യാലറിയിൽ ആരംഭിക്കുന്നു.

കേരള ലളിതകലാ അക്കാദമിയുടെ 2022-23 ലെ സമകാലിക ഏകാംഗ കലാപ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനം സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 31 രാവിലെ 11 മണിക്ക് അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത് നിർവ്വഹിക്കും. അക്കാദമി മുൻചെയർപേഴ്സൺ കെ.എ. ഫ്രാൻസിസ് മുഖ്യ പ്രഭാഷണം നടത്തും.

കലാകാരരായ മോപ്പസാങ് വാലത്ത്, ടി.എസ്. പ്രസാദ്, വി.എസ്. മധു, ഷൈലജ പി.ജെ. എന്നിവർ ആശംസകളും, കെ.എസ്.എസ്. സ്കൂൾ ഓഫ് ആർട്സ് പ്രിൻസിപ്പാൾ ടി.എസ്. ശങ്കർ കൃതജ്ഞതയും അർപ്പിക്കും ചിത്രാവലോകനം നടത്തുന്നത് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്ന ബി. ഹരികൃഷ്ണനാണ്.പ്രകൃതി ഭാവനകൾ സമ്പന്നമായ ലീന ജോഷി വാസിന്റെ ചിത്രങ്ങളുടെ പ്രധാന ഉള്ളടക്കം സ്വതന്ത്ര സഞ്ചാരം നടത്തുന്ന സ്ത്രീജീവിതങ്ങളാണ്. പക്ഷികളും താമരക്കാടുകളും സ്ത്രീരൂപങ്ങളും ഉഭയജീവികളും ചേർന്ന ദൃശ്യഭാഷയിലൂടെ ലീന തന്റെ ചുറ്റുപാടുകളെ അനേകം രൂപകങ്ങളിലൂടെ പ്രശ്നവത്ക്കരിക്കുകയും അവയെ തരണം ചെയ്യാനുള്ള സാധ്യതകളെ അന്വേഷിക്കുകയും ചെയ്യുന്നു. സ്ത്രീ സ്വത്വത്തെ പ്രകൃതിയുടെ അംശങ്ങളുമായി ഏകീകരിക്കുന്നതിലൂടെ ഉണ്ടാകുന്ന കാല്പനികമായ ഭാവമാണ് ലീനയുടെ ചിത്രങ്ങളുടെ പ്രത്യേകത.പ്രദർശനം 2023 നവംബർ 9ന് സമാപിക്കും. പ്രദർശനസമയം രാവിലെ 10 മണി മുതൽവൈകുന്നേരം 6.30 വരെയാണ്.




കോർപ്പറേറ്റ് ബിനാമികളുടെ കാർബൂട്ട് സെയിലിന് ഒത്താശ ചെയ്യുന്ന ജി.സി.ഡി.എ നിലപാടിൽ പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കടവന്ത്രയിലെ ജി.സി.ഡി.എ ഓഫിസിലേക്ക് പ്രതിഷേധ മാർച്ച് നടത്തിയപ്പോൾ

# കാർബൂട്ട് സെയിൽ അനുവദിക്കില്ല ; അധികൃതർക്ക് താക്കീതായി വ്യാപാരികളുടെ ജിസിഡിഎ ഉപരോധം

**കൊച്ചി:** കോർപ്പറേറ്റ് ബിനാമികളുടെ കാർബൂട്ട് സെയിലിന് ഒത്താശ ചെയ്യുന്ന ജി.സി.ഡി.എ നിലപാടിൽ പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കടവന്ത്രയിലെ ജി.സി.ഡി.എ ഓഫിസിലേക്ക് നടത്തിയ മാർച്ചിലും ഉപരോധ സമരത്തിലും പ്രതിഷേധം ഇരമ്പി.

സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ, മർച്ചന്റ്സ് യൂണിയൻ തുടങ്ങിയ സംഘടനകളും പിന്തുണയുമായി എത്തിയതോടെ അധികൃതരുടെ നിലപാടിനെതിരെയുള്ള വ്യാപാരികളുടെ ശക്തമായ താക്കീതായി സമരം മാറി. കേന്ദ്രീയ വിദ്യലയത്തിന് സമീപത്തും നിന്നും ആരംഭിച്ച പ്രതിഷേധ മാർച്ച് കെ.വി.വി.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഫ്ളാഗ് ഓഫ് ചെയ്തു.വനിതകളുട ക്കമുള്ള നൂറു കണക്കിന് വ്യാപാരികളാണ് പ്ലക്കാർഡുകളും മുദ്രാവാക്യങ്ങളുമായി മാർച്ചിൽ അണിനിരന്നത്. ജി.സി.ഡി.എ യ്ക്ക് സമീപം ബാരിക്കേഡ് ഉപയോഗിച്ച് പോലീസ് പ്രതിഷേധ മാർച്ച് തടഞ്ഞു. തുടർന്ന് നടന്ന ഉപരോധ സമരം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ട്രഷറർ സി.എസ് അജ്മൽ ഉദ്ഘാടനം ചെയ്തു.

കലൂർ രാജ്യാന്തര സ്റ്റേഡിയത്തിൽ നവംബർ മൂന്ന്,നാല്,അഞ്ച് തിയതികളിൽ നടക്കാൻ പോകുന്ന കാർ ബൂട്ട് സെയിലിന് അനുമതി നൽകിയാൽ എന്തു വില കൊടുത്തും തടയുമെന്ന് സി.എസ് അജ്മൽ പറഞ്ഞു. കാർബൂട്ട് സെയിലിന് അനുമതി നൽകുന്നതിന് പിന്നിൽ വൻ അഴിമതിയാണ് ഇവർ ലക്ഷ്യം വെയ്ക്കുന്നത്.

എല്ലാവിധ ലൈസൻസുകളും എടുത്ത് കച്ചവടം നടത്തുന്ന വ്യാപാരികളെ നോക്കുകുത്തികളാക്കിയുള്ള കാർപ്പറേറ്റ് ബിനാമികളുടെ കാർബൂട്ട് സെയിലിന് അനുമതി നൽകിയാൽ ഇന്നുവരെ കാണാത്തതരത്തിലുള്ള പ്രക്ഷോഭത്തിനായിരിക്കും കേരളം സാക്ഷ്യം വഹിക്കാൻ പോകുന്നതെന്നും അജ്മൽ പറഞ്ഞു. അനധികൃതമായി നടക്കുന്ന വഴിയോരക്കച്ചവടത്തിന്റെ പുതിയ രൂപമായ കാർ ബുട്ട് സെയിൽ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്ന് സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട പറഞ്ഞു.

കോർപ്പറേറ്റ് ഇവന്റ് മാനേജ്മെന്റ് കമ്പനിയുടെ തലയിലുദിച്ച ബുദ്ധിയാണിത്.

പങ്കെടുക്കുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് അടക്കം ചുമത്തി നടത്തുന്ന കാർ ബൂട്ട് സെയിലിലൂടെ കോടികണക്കിന് രൂപയാണ് ഇവർ ലക്ഷ്യമിടുന്നത്. ഭാവിയിൽ വലിയ പ്രത്യാഘാതങ്ങളായിരിക്കും വ്യാപാരമേഖലയിൽ ഇതുണ്ടാക്കുകയെന്നും ജോർഫിൻ പെട്ട പറഞ്ഞു. കെ.വി.വി.ഇ.എസ് യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു. എറണാകുളം നിയോജമകണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് കെ.എസ് നിഷാദ്, മർച്ചന്റ്സ് യൂണിയൻ പ്രസിഡന്റ് സജീർ, കെ.വി.വി.ഇ.എസ് കളമശേരി മേഖല പ്രസിഡന്റ് ഷാജഹാൻ അബ്ദുൽ ഖാദർ , എണാകുളം നിയോജമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, വനിതാവിങ് നിയോജകമണ്ഡലം പ്രസിഡന്റ് ജയാ പീറ്റർ, എസ്.സി.ഡി.എ പ്രസിഡന്റ് അഭിലാഷ്, ജംഷീർ വാഴയിൽ, ജോയ് തമ്മനം, കെ സി മുരളീധരൻ , പി.പി ഫൈസൽ, ശ്രീനാഥ് മംഗലത്ത് തുടങ്ങിയവർ സംസാരിച്ചു.



കോർപ്പറേറ്റ് ബിനാമികളുടെ കാർബൂട്ട് സെയിലിന് ഒത്താശ ചെയ്യുന്ന ജി.സി.ഡി.എ നിലപാടിൽ പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കടവന്ത്രയിലെ ജി.സി.ഡി.എ ഓഫിസ് ഉപരോധസമരം ഏകോപന സമിതി ജില്ലാ ട്രഷറർ സി.എസ് അജ്മൽ ഉദ്ഘാടനം ചെയ്യുന്നു. ജയാ പീറ്റർ, കെ.എസ് നിഷാദ്, എഡ്വേർഡ് ഫോസ്റ്റസ്, പ്രദീപ് ജോസ്, പി.സി ജേക്കബ്ബ്, എം.സി പോൾസൺ തുടങ്ങിയവർ സമീപം

# റിലയൻസ് ലിമിറ്റ് ഷുവർപേ അസ് യു ഡ്രൈവ് ഇൻഷുറൻസ് പോളിസി അവതരിപ്പിച്ചു

**കൊച്ചി:** റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി റിലയൻസ് ലിമിറ്റ് ഷുവർപേ ആസ് യു ഡ്രൈവ് കാർ ഇൻഷുറൻസ് അവതരിപ്പിച്ചു.


ചെലവിന്റെ കാര്യത്തിൽ പൂർണ്ണ നിയന്ത്രണവും പോളിസി തങ്ങളുടെ ആവശ്യത്തിനനുസരിച്ചു ക്രമീകരിക്കാനുള്ള അവസരവുമാണ് ഇതിലൂടെ ഉപഭോക്താവിനു ലഭിക്കുകയെന്ന് റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി സിഇഒ രാകേഷ് ജെയിൻ പറഞ്ഞു. പതിവു പോളിസികളെ പോലെ തന്നെ സമഗ്ര പരിരക്ഷ നൽകുന്ന ഈ പോളിസിയിൽ 25,000 കിലോമീറ്റർ മുതലുള്ള ആവശ്യമായ കിലോമീറ്റർ സ്ലാബ് തെരഞ്ഞെടുക്കാം. പോളിസി വർഷത്തിൽ ഏതു സമയത്തും എളുപ്പത്തിൽ കിലോമീറ്ററുകൾ ടോപ് അപ് ചെയ്യാനുമാകും. ഉപയോഗിക്കാത്ത കിലോമീറ്ററുകൾ അടുത്ത പോളിസി വർഷത്തിൽ ഡിസ്കൗണ്ടിനായി ഉപയോഗിക്കാം. കുറഞ്ഞ തോതിൽ മാത്രം ഉപയോഗിക്കുന്ന വാഹനങ്ങളുടെ കാര്യത്തിലുള്ള ആവശ്യം നിറവേറ്റുന്നതാണ് ഈ പോളിസിയെന്നും രാകേഷ് ജെയിൻ പറഞ്ഞു.

# ക്രിക്കറ്റ് സീസണിനായി സ്നിക്കേഴ്സ് നൂബി മിസ്റ്റേക്ക്സ് കാംപെയിൻ

**കൊച്ചി:** ക്രിക്കറ്റ് സീസൺ ആഘോഷമാക്കാൻ മാഴ്സ് റിഗ്ലിയുടെ സ്നിക്കേഴ്സ് നൂബി മിസ്റ്റേക്ക്സ് കാംപെയിൻ. പത്തുസെക്കൻഡ് വീതമുള്ള രണ്ടു ഡിജിറ്റൽ ഫിലിമുകളാണ് കാംപെയിനിൽ. അബദ്ധത്തിലെത്തുന്ന ആരാധക ആവേശം പരസ്യഫിലിമുകളിൽ രസകരമായി ചിത്രീകരിച്ചിരിക്കുന്നു.

ആവേശ പ്രകടനങ്ങൾ അനിഷ്ട സംഭവങ്ങൾക്കിടയാക്കരുതെന്ന സന്ദേശമാണ് കാംപെയിന്റേത്.ഡിഡിബി ട്രൈബൽ ആശയസമന്വയം നിർവ്വഹിച്ച കാംപെയിനിന്റെ ഭാഗമായി ആകർഷക സമ്മാനങ്ങളും ക്യാഷ് ബാക്കും നേടാൻ സ്നിക്കേഴ്സ് ഇന്ത്യ വെബ്സൈറ്റിൽ നൂബിവേഴ്സ് ഗെയിമിംഗ് പ്ലാറ്റ്ഫോമും ഒരുക്കിയിട്ടുണ്ട്. സ്നിക്കേഴ്സ് നൂബി മിസ്റ്റേക്ക്സ് കാംപെയിൻ ക്രിക്കറ്റ് ആവേശത്തിനു അർത്ഥവത്തായി മാറ്റുകൂട്ടുമെന്നു മാഴ്സ് റിഗ്ലി ഇന്ത്യ മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ മാർക്കറ്റിംഗ് ഡയറക്ടർ വരുൺ കാന്ധാരി പറഞ്ഞു.

# ചിന്മയാനന്ദ സ്വാമിയുടെ നൂറ്റിയെട്ടാം ജയന്തി ആഘോഷങ്ങൾക്ക് ഇന്ന് തിരിതെളിയും



**കൊച്ചി** ചിന്മയ മിഷൻ സ്ഥാപകൻ സ്വാമി ചിന്മയാനന്ദയുടെ നൂറ്റിയെട്ടാം ജയന്തി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കമാകും. ചിന്മയ ശങ്കരം 2024 എന്ന് പേരിട്ടിരിക്കുന്ന ആഘോഷപരിപാടി എറണാകുളം ടി.ഡി.എം ഹാളിൽ നടക്കുന്ന ചടങ്ങിൽവൈകീട്ട് ആറിന് ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം ചെയ്യും.

ചിന്മയ മിഷൻ കേരള ഘടകത്തിന്റെയും, ചിന്മയ സേവാ ട്രസ്റ്റ് കേരളയുടെയും സംയുക്ത ആഭിമുഖ്യത്തിലാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന ജയന്തി ആഘോഷങ്ങൾ തുടങ്ങുന്നത്. ചിന്മയ മിഷൻ കേരള അധ്യക്ഷൻ സ്വാമി വിവിക്താനന്ദ സരസ്വതി ചിന്മയ ശങ്കരം 2024 എന്ന പരിപാടി എന്താണെന്ന് സദസിന് പരിചയപ്പെടുത്തും. സി.എം.ഐ.സി.ടി. ചീഫ് സേവക് എ. ഗോപാലകൃഷ്ണൻ, ചിന്മയ സേവാ ട്രസ്റ്റ് കേരള ചീഫ് സേവക് ആർ.സുരേഷ് മോഹൻ, സി.എം.ഐ.സി.ടി. ട്രസ്റ്റി കെ.എസ്.വിജയകുമാർ തുടങ്ങിയവർ ചടങ്ങിൽ സംസാരിക്കും.

ചിന്മയ മിഷനിലെ മുതിർന്ന സ്വാമിമാർ ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവർ ചിന്മയ ശങ്കരം 2024ന്റെ ഉദ്ഘാടനത്തിന് സാക്ഷിയാകാനെത്തും.

ചിന്മയാനന്ദ സ്വാമിയുടെ നൂറ്റിയെട്ടാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായി വിപുലമായ ആഘോഷ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗീതായജ്ഞം, ആത്മീയപ്രഭാഷണങ്ങൾ, വിദ്യാർഥികൾക്കുള്ള വിവിധ മത്സരങ്ങൾ, ഗീതാപഠന ക്ലാസുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. അടുത്ത വർഷത്തെ ശങ്കര ജയന്തിയും വിപുലമായി ആഘോഷിക്കാനുള്ള പരിപാടികൾക്കും ചിന്മയ മിഷൻ തുടക്കമിടും.

# കുട്ടികൾക്കായി സൗജന്യ മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി

**കൊടുങ്ങല്ലൂർ:** സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് വേണ്ടി സൗജന്യ മൾട്ടി സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി നവംബർ നാലിന് രാവിലെ 9:30 മുതൽ ഉച്ചക്ക് ഒന്നു വരെ നടക്കുന്ന കൊടുങ്ങല്ലൂർ പുല്ലൂറ്റ് വി കെ രാജൻ മെമ്മോറിയൽ ഹൈസ്കൂളിലാണ് ക്യാമ്പ് സംഘടിപ്പിച്ചിട്ടുള്ളത്.

ക്യാമ്പിന്റെ ഉദ്ഘാടനം അഡ്വ. വി.ആർ സുനിൽകുമാർ എംഎൽഎ നിർവഹിക്കും.കാർഡിയാക്, പീഡിയാട്രിക് സർജറി, യൂറോളജി, പീഡിയാട്രിക് ന്യൂറോളജി, ജനറൽ പീഡിയാട്രിക്സ് തുടങ്ങിയ വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ പരിശോധനക്കുള്ള സൗകര്യങ്ങളാണ് ആസ്റ്റർ മെഡ്സിറ്റി ഒരുക്കുന്നത്. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കാണ് ഈ സേവനം ലഭ്യമാകുന്നത്. ഇതുമായി ബന്ധപ്പെട്ട് രോഗങ്ങൾ ജന്മനാ സ്ഥിരീകരിക്കപ്പെട്ടവർ, ഡോക്ടർമാർ കൂടുതൽ പരിശോധനയ്ക്ക് നിർദ്ദേശിച്ചിട്ടുള്ളവർ, സാമ്പത്തിക സ്ഥിതി ഉൾപ്പെടെ പല കാരണങ്ങൾ കൊണ്ടും ചികിത്സ നടത്താൻ കഴിയാത്തവർ വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.ഡോക്ടർമാർ നിർദ്ദേശിക്കുന്ന രോഗികൾക്ക് ഇ.സി.ജി, ഇ.ഇ.ജി, എക്കോ, രക്ത പരിശോധനകൾ തുടങ്ങിയവ സൗജന്യമായി ചെയ്തു നൽകും.

ആസ്റ്റർ മെഡ്സിറ്റിക്ക് പുറമേ ആസ്റ്റർ വോളന്റിയേഴ്സ്, ഇൻഡിപെൻഡൻസ് ക്ലബ്ബ് എന്നിവരുടെയും സംയുക്താഭിമുഖ്യത്തിലാണ് ക്യാമ്പ് നടത്തുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി 9847971971, 9061112283, 9207033219, 8848824593 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# ഓൾ ന്യൂ എക്സ്എൽ750 ട്രാൻസൽപ് പുറത്തിറക്കി ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) അന്താരാഷ്ട്ര പ്രശസ്തി നേടിയ അഡ്വഞ്ചർ ടൂറർ ആയ ഓൾ ന്യൂ എക്സ്എൽ750 ട്രാൻസൽപ് ഇന്ത്യയിൽ അവതരിപ്പിച്ചു. 1980കളിലെ യഥാർഥ ട്രാൻസൽപിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ഹോണ്ടയുടെ ഏറ്റവും പുതിയ പ്രീമിയം അഡ്വഞ്ചർ മോട്ടോർസൈക്കിളായ എക്സ്എൽ750 ട്രാൻസൽപും രൂപകൽപന ചെയ്തിരിക്കുന്നത്. പൂർണമായും ജപ്പാനിൽ നിർമിച്ചാണ് ഇത് ഇന്ത്യയിലേക്ക് എത്തുന്നത്.




പ്രീമിയം ബിഗ്വിങ് ടോപ്പ് ലൈൻ ഡീലർഷിപ്പുകൾ വഴി മാത്രമായിരിക്കും വിൽപനയെന്ന് കമ്പനി അധികൃതർ അറിയിച്ചു.സ്പീഡോമീറ്റർ, ടാക്കോമീറ്റർ, ഗിയർപൊസിഷൻ ഇൻഡിക്കേറ്റർ, ഫ്യൂവൽ ഗേജ് ആൻഡ് കൺസംപ്ഷൻ, റൈഡിങ് മോഡ്സ്, എഞ്ചിൻ പാരാമീറ്റേഴ്സ് തുടങ്ങി നിരവധി വിവരങ്ങൾ കാണിക്കുന്ന 5.0 ഇഞ്ച് ടിഎഫ്ടി പാനൽ പുതിയ അഡ്വഞ്ചർ ടൂറിങ് ബൈക്കിൽ സജ്ജീകരിച്ചിട്ടുണ്ട്. റൈഡറുടെ മുൻഗണന അനുസരിച്ച് ഈ ഡിസ്പ്ലേ ഇഷ്ടാനുസൃതമാക്കാനും സാധിക്കും. ഹോണ്ട സ്മാർട്ട് ഫോൺ വോയ്സ് കൺട്രോൾ സിസ്റ്റം, സ്റ്റോപ്പ്, ടേൺ സിഗ്നൽ ക്യാൻസലിങ് ഫീച്ചറുകളും പുതിയ മോഡലിലുണ്ട്.കമ്പനിയുടെ പുതിയ 755സിസി ലിക്വിഡ് കൂൾഡ് 270 ഡിഗ്രി ക്രാങ്ക് ഇൻലൈൻ ടു സിലിണ്ടർ എഞ്ചിനാണ് എക്സ് എൽ750 ട്രാൻസൽപിന്റെ കരുത്ത്. 6 സ്പീഡ് ഗിയർബോക്സുമായി ജോടിയാക്കിയ ഈ എഞ്ചിൻ 67.5 കി.വാട്ട് പവറും 75എൻഎം പീക്ക് ടോർക്കും നൽകും. ത്രോട്ടിൽബൈ വയർ സംവിധാനം വഴി പ്രവർത്തിക്കുന്ന ഇലക്ട്രോണിക് എയ്ഡുകൾ, എബിഎസും അസിസ്റ്റ് സ്ലിപ്പർ ക്ലച്ചുമുള്ള എഞ്ചിൻ പവർ, എഞ്ചിൻ ബ്രേക്കിങ്, ഹോണ്ട സെലക്ടബിൾ ടോർക്ക് കൺട്രോൾ എന്നിവയുടെ ഇഷ്ട സംയോജനത്തിന് 5 റൈഡിങ് മോഡുകൾ തിരഞ്ഞെടുക്കാൻ റൈഡറെ അനുവദിക്കും.1

0,99,990 രൂപയാണ് പുതിയ മോഡസലിന്റെ വില (എക്സ്ഷോറൂം, ഗുരുഗ്രാം). റോസ് വൈറ്റ്, മാറ്റ് ബാലിസ്റ്റിക് ബ്ലാക്ക് എന്നീ രണ്ട് നിറങ്ങളിൽ ഇത് ലഭ്യമാകും. കൊച്ചി (കേരളം), ഗുരുഗ്രാം (ഹരിയാന), മുംബൈ (മഹാരാഷ്ട്ര), ബെംഗളൂരു (കർണാടക), ഇൻഡോർ (മധ്യപ്രദേശ്), ഹൈദരാബാദ് (തെലങ്കാന), ചെന്നൈ (തമിഴ്നാട്), കൊൽക്കത്ത (പശ്ചിമ ബംഗാൾ) എന്നിവിടങ്ങളിലെ എച്ച്എംഎസ്ഐയുടെ എക്സ്ക്ലൂസീവ് ബിഗ് വിംഗ് ടോപ്പ്ലൈൻ ഡീലർഷിപ്പുകളിൽ ഇപ്പോൾ ബുക്ക് ചെയ്യാം. ആദ്യത്തെ 100 ബുക്കിങ്ങുകളാണ് സ്വീകരിക്കുക. 2023 നവംബർ മുതൽ ഡെലിവറി ആരംഭിക്കും.

# ദേശീയ ഗെയിംസ് : ജിംനാസ്റ്റിക്സ് താരങ്ങൾക്ക് സ്വീകരണം നൽകി

**കൊച്ചി:** ഗോവയിൽ നടക്കുന്ന 37മത് ദേശീയ ഗെയിംസിൽ ജിംനാസ്റ്റിക്സ് ട്രാംപൊലൈൻ വിഭാഗത്തിൽ വെങ്കല മെഡൽ കരസ്ഥമാക്കിയ അൻവിത സച്ചിൻ, ഫൈനലിസ്റ്റായ മെഹ്റിൻ എസ് സാജ്, രേവതി എം,അനിൽ രാജേന്ദ്രൻ ടി.ആർ എന്നിവർക്ക് എറണാകുളം ജിംനാസ്റ്റിക് അസോസിയേഷനും എറണാകുളം ഒളിമ്പിക് അസോസിയേഷനും ചേർന്ന് എറണാകുളം സൗത്ത് റെയിൽവെ സ്റ്റേഷനിൽ സ്വീകരണം നൽകി. എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ ട്രഷറർ സ



ജീവ് എസ് നായർ, എറണാകുളം ഒളിമ്പിക് അസോസിയേഷൻ ട്രഷറർ സികെ സനിൽ, എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ ജോയിന്റ് സെക്രട്ടറി മേരി ബീന, കേരള ടീം മാനേജർ ഷീജ റാം, ജിംനാസ്റ്റിക് അസോസിയേഷൻ കേരള ട്രഷറർ അശോകൻ കെ, ജിംനാസ്റ്റിക് അസോസിയേഷൻ കേരള സെക്രട്ടറി ജിത്തു വിഎസ്, എറണാകുളം ടീം കോച്ച് അങ്കിത്ത്, കേരള ടീം കോച്ച് അരുൺ പിഎ, എറണാകുളം ജിംനാസ്റ്റിക് അസോസിയേഷൻ സെക്രട്ടറി ദേവാനന്ദ് വി എ എന്നിവർ പങ്കെടുത്തു.



# ഐടി രംഗത്ത് സഹകരണം; ടെക്നോപാർക്ക് സന്ദർശിച്ച് ജപ്പാൻ സംഘം

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഐടി എക്കോ സിസ്റ്റത്തെക്കുറിച്ച് കൂടുതൽ മനസിലാക്കാനും സഹകരണ സാധ്യതകൾ തേടിയും ടെക്നോപാർക്ക് സന്ദർശിച്ച് ജപ്പാൻ സംഘം. ജപ്പാൻ നഗരമായ മാത്ത്സ്യുവിന്റെ മേയർ, അഖീതോ യുസേദ ഉൾപ്പടെ 21 അംഗ സംഘമാണ് ടെക്നോപാർക്ക് സന്ദർശിക്കാനെത്തിയത്. ടെക്നോപാർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന എക്സ്പീരിയൻ ടെക്നോളജീസ്, ഇൻഡോജപ്പാൻ ചേമ്പർ ഓഫ് കൊമേഴ്സ് കേരള ഘടകം എന്നിവയുടെ പ്രതിനിധികളും സന്ദർശക സംഘത്തോടൊപ്പമുണ്ടായിരുന്നു. മത്ത്സ്യു നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ഒസാമു യനിഗിആര, മത്ത്സ്യു സിറ്റി ഇൻഡസ്ട്രി ആൻഡ് ഇക്കണോമിക് ഡിപ്പാർട്മെന്റ് ഡയറക്ടർ ജനറൽ തോറു മത്ത്സൂറ, മത്ത്സ്യൂ ഇൻഡസ്ട്രിയൽ സപ്പോർട്ട് സെന്റർ ഡയറക്ടർ തൊഷിയ കൊഡ, ഇന്ത്യുടെ ചുമതലയുള്ള മത്ത്സ്യൂ സിറ്റി ഇന്റർനാഷ്ണൽ റിലേഷൻസ് കോർഡിനേറ്റർ കസൂയ യൊഷിയോക എന്നിവരാണ് ജപ്പാൻ സംഘത്തെ നയിച്ചത്. കേരള ഐടി പാർക്കുകൾക്കുവേണ്ടി ജപ്പാൻ സംഘത്തെ സ്വീകരിച്ച സിഎംഒ മഞ്ജിത് ചെറിയാൻ കേരള ഐടി എക്കോസിസ്റ്റത്തെ പറ്റിയും ടെക്നോപാർക്കിനെപ്പറ്റിയും വിശദീകരിച്ചു. ടെക്നോപാർക്കിന്റെ ചരിത്രം, വളർച്ച, അത് പ്രദാനം ചെയ്യുന്ന ആവേശകരമായ ബിസിനസ് അവസരങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ അദ്ദേഹം വിവരിച്ചു. ടെക്നോപാർക്ക് പ്രൊജക്ട്സ് ജനറൽ മാനേജർ മാധവൻ പ്രവീണും ടെക്നോപാർക്കിനെ പ്രതിനിധികരിച്ച് സംസാരിച്ചു.



## എയു സ്മോൾ ഫിനാൻസ് ബാങ്കും ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കും ലയിക്കുന്നു

**കൊച്ചി:** എയു സ്മോൾ ഫിനാൻസ് ബാങ്കും ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കും ലയിക്കുന്നു.

ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കിന്റെ ഓരോ രണ്ടായിരം ഓഹരികൾക്കും എയു സ്മോൾ ഫിനാൻസ് ബാങ്കിന്റെ 579 ഓഹരികൾ ലഭിക്കുന്ന രീതിയിലാണ് ലയനം. ഇരു ബാങ്കുകളുടേയും ഡയറക്ടർ ബോർഡ് യോഗങ്ങൾ ഇതിന് അംഗീകാരവും നൽകിയിട്ടുണ്ട്.ഇരു ബാങ്കുകളുടേയും ഓഹരി ഉടമകളുടേയും റിസർവ് ബാങ്കിന്റേയും കോമ്പറ്റീഷൻ കമ്മീഷന്റേയും അംഗീകാരങ്ങൾക്ക് വിധേയമായായിരിക്കും ഇത്.

ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കിന്റെ പ്രമോട്ടർമാരായ ഫിൻകെയർ ബിസിനസ് സർവീസസ് ലയനം പൂർത്തിയാക്കുന്നതിനു മുൻപായി ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കിന് 700 കോടി രൂപ ലഭ്യമാക്കും. ഫിൻകെയർ എസ്എഫ്ബിയുടെ എംഡിയും സിഇഒയുമായ രാജീവ് യാദവിനെ ലയനത്തിന് ശേഷം എയു എസ്എഫ്ബിയുടെ ഡെപ്യൂട്ടി സിഇഒ ആയി നിയമിക്കും. അദ്ദേഹം എയു എസ്എഫ്ബിയുടെ എംഡിയും സിഇഒയുമായ സഞ്ജയ് അഗർവാളിന് റിപ്പോർട്ട് ചെയ്യും.



## സംസ്കൃത സർവകലാശാല കെഡിസ്കുമായി ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:**ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലുമായി (കെഡിസ്ക്) സഹകരിച്ച് വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പുവച്ചു.

സർവ്വകലാശാലയിലെ അധ്യാപകരുടെയും ബിരുദ, ബിരുദാനന്തര, ഗവേഷണ വിദ്യാർത്ഥികളുടെയും വൈജ്ഞാനിക ബോധങ്ങളെയും നൂതനാശയങ്ങളെയും സാമൂഹ്യപുരോഗതിക്കും വികസനത്തിനും പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള കർമ്മപദ്ധതികളാണ് ആവിഷ്കരിക്കുകയെന്ന് ധാരണാപത്രം ഏറ്റുവാങ്ങിക്കൊണ്ട് പ്രോ വൈസ് ചാൻസലർ പ്രൊഫ. കെ. മുത്തുലക്ഷ്മി പറഞ്ഞു. കെ ഡിസ്ക് പദ്ധതിയുടെ മെമ്പർ സെക്രട്ടറി ഡോ. പി. വി. ഉണ്ണികൃഷ്ണൻ ധാരണാപത്രം കൈമാറി.

വൈ. ഐ. പി. പ്രോഗ്രാം മാനേജർ ബിജു പരമേശ്വരൻ, കെ ഡിസ്ക് പദ്ധതിയുടെ സർവ്വകലാശാലയിലെ നോഡൽ ഓഫീസർ ഡോ. ജോസ് ആന്റണി, കോഓർഡിനേറ്റർ കെ. എം. മഞ്ജു, പ്ലെയ്സ്മെന്റ് ഓഫീസർ ഡോ. എൻ. എം. ഫൈസൽ എന്നിവർ പ്രസംഗിച്ചു.

## ഹാലോവീൻ നൈറ്റ് ആഘോഷിച്ച് ഓ ബൈ താമര

**തിരുവനന്തപുരം:** ഹാലോവീൻ ബ്രഞ്ചും തുടർന്ന് ഹൈ ഡൈവ് ബാറിൽ പാർട്ടിയുമായി വൈവിധ്യങ്ങളുമായി ഹാലോവീൻ നൈറ്റ് ആഘോഷമാക്കി ഓ ബൈ താമര.

തീംഡ് മെനു, സ്വാദിഷ്ടമായ കേക്കുകൾ, പേസ്ട്രികൾ എന്നിവയോടൊപ്പം പിങ്കി പാന്തർ ബാൻഡിന്റെ തത്സമയ സംഗീത പരിപാടിയും രസകരമായ ഗെയിമുകൾക്കും പുറമെ ഫെയ്സ് പെയിന്റിംഗും പാർട്ടി കൂടുതൽ ആകർഷകമാക്കി. ഹാലോവീൻ തീമിലെ വസ്ത്രങ്ങൾ ധരിച്ചെത്തിയ അതിഥികൾ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി.

## കുഫോസ് ബിരുദദാന ചടങ്ങ് ഇന്ന്

**കൊച്ചി:** കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിൽ (കുഫോസ്) ഒൻപതാമത് ബിരുദദാന ചടങ്ങ് ഇന്ന് നടക്കും. കൊച്ചിയിലെ പനങ്ങാട് ആസ്ഥാനമായ കുഫോസ്, ഇന്ത്യയിലെ ആദ്യത്തെ ഫിഷറീസ് സർവ്വകലാശാലയാണ്.

രാവിലെ 10.45 ന് കുഫോസിന്റെ പ്രധാന ക്യാംപസിൽ സംസ്ഥാന ഗവർണ്ണറും കുഫോസിന്റെ ചാൻസലറുമായ ആരിഫ് മുഹമ്മദ് ഖാൻ കോൺവൊക്കേഷൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും.26 ഡോക്ടറൽ ബിരുദങ്ങൾ ഉൾപ്പടെ 2021 –23 അധ്യയന വർഷങ്ങളിൽ കുഫോസിൽ നിന്ന് വിജയകരമായി പഠനം പൂർത്തിയാക്കിയ 792 വിദ്യാർത്ഥികൾക്കാണ് ബിരുദങ്ങൾ സമ്മാനിക്കുന്നത്.

വിവിധ കോഴ്സുകളിൽ ഒന്നാം റാങ്കോടെ പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്കുള്ള ഗോൾഡ് മെഡലുകളും എൻഡെവ്മെൻറ് അവാർഡുകളും ഗവർണർ ബിരുദദാനച്ചടങ്ങിൽ സമ്മാനിക്കും. ബിരുദദാനത്തിന് മുന്നോടിയായി വിദ്യാർത്ഥികൾ സമർപ്പിച്ച സ്ത്രീധന വിരുദ്ധ പ്രതിജ്ഞകൾ ഗവർണർക്ക് കൈമാറും.സംസ്ഥാന ഫിഷറീസ് ഫിഷറീസ് മന്ത്രിയും കുഫോസിന്റെ പ്രോ ചാൻസലറുമായ സജി ചെറിയാൻ ബിരുദദാനച്ചടങ്ങിൽ അധ്യക്ഷത വഹിക്കും.

ഐ.എസ്.ആർ.ഓ ചെയർമാൻ എസ്.സോമനാഥ് മുഖ്യാതിഥിയായിരിക്കും. ബിരുദം ഏറ്റുവാങ്ങുന്ന 792 വിദ്യാർത്ഥികളിൽ 144 പേർ ഫിഷറീസ് സയൻസ് (ബി.എഫ്.എസ്.സി) ബിരുദധാരികളും 83 പേർ ബി.ടെക് (ഫുഡ് ടെക്നോളജി) ബിരുദധാരികളും ആണ്. എം.എഫ്.എസ്.സി (45), എം.ബി.എ (82), എം.എസ്.സി (378), എം.ടെക് (19), എൽ.എൽ.എം 15 (മാരിടൈം ലോ ) എന്നിങ്ങനെയാണ് സർപ്പിക്കുന്ന ബിരുദാനന്തര ബിരുദങ്ങൾ. 26 പി.എച്ച്.ഡി ബിരുദങ്ങളിൽ 9 എണ്ണം മാനേജ്മെൻറിലും 11 എണ്ണം സമുദ്രശാസ്ത്ര മേഖലയിലുമാണ്. 4 പി.എച്ച്.ഡി ബിരുദങ്ങൾ ഫിഷറീസ് സയൻസിലും രണ്ടെണ്ണം ഫിഷറീസ് എഞ്ചിനീയറിങ്ങിലുമാണ്.

## അഖിലേന്ത്യ പോസ്റ്റൽ കബഡി ടൂർണമെന്റിന് തിരിതെളിഞ്ഞു




**കൊച്ചി:** അഖിലേന്ത്യ പോസ്റ്റൽ കബഡി ടൂർണമെന്റിന് എറണാകുളത്ത് തിരിതെളിഞ്ഞു.

രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കേരള സർക്കിൾ ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ മഞ്ജു പ്രസന്നൻ പിള്ള അധ്യക്ഷത വഹിച്ചു.ദേബ്ജ്യോതി (ഡയറക്ടർ ജനറൽ (ഇൻവെസ്റ്റിഗേഷൻ), ഇൻകംടാക്സ്, എറണാകുളം ആയിരുന്നു മുഖ്യാതിഥി. മധ്യമേഖല പോസ്റ്റ് മാസ്റ്റർ ജനറൽ സയിദ് റഷീദ്, മുൻ ഇന്ത്യൻ ബാഡ്മിന്റൻ ടീം ക്യാപ്റ്റനും അർജ്ജുന പുരസ്കാര ജേതാവുമായ ജോർജ്ജ് തോമസ്, ജനറൽ മാനേജർ (എച്ച് ആർ) ബിപിസിഎൽ, കൊച്ചി റിഫൈനറി, സംഗീത് കുമാർ എസ് എസ് , ഡയറക്ടർ ഓഫ് അക്കൗണ്ട്സ് (പോസ്റ്റൽ) എന്നിവരും ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.ടൂർണമെൻറിനോടനുബന്ധിച്ച് സ്പെഷ്യൽ തപാൽ കവറിന്റെ പ്രകാശനവും നടന്നു.കേരള സർക്കിൾ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽമഞ്ജു പ്രസന്നൻ പിള്ള മുഖ്യ അതിഥി ദേബ്ജ്യോതി ന് തപാൽ കവർ കൈമാറി.

ആന്ധ്രപ്രദേശ് സർക്കിളും തമിഴ്നാട് സർക്കിളും തമ്മിലായിരുന്നു ഉദ്ഘാടനമത്സരം. മത്സരത്തിൽ തമിഴ്നാട് 42–26 എന്ന സ്കോറിന് ആന്ധ്രപ്രദേശിനെ പരാജയപ്പെടുത്തി.കേരള തപാൽ സർക്കിൾ ആതിഥേയത്വം വഹിക്കുന്ന മത്സരങ്ങൾ നവംബർ 2 വരെ കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ചാണ് നടക്കുന്നത്.



# സഹകരണ മേഖലയെ തകർക്കാനും തളർത്താനും ആവില്ലെന്ന് വി എൻ വാസവൻ

**കൊടകര:** സഹകരണ മേഖലയിലെ സുതാര്യതയും സുരക്ഷിതത്വവും എന്നും ഉറപ്പുവരുത്തുമെന്ന് സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ. കൊടകര ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിന്റെ പുതുതായി നിർമ്മിക്കുന്ന ഹെഡ് ഓഫീസ് മന്ദിരത്തിന്റെ നിർമ്മാണ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. സഹകരണ മേഖലയിൽ ക്രമക്കേടുകൾ ഉണ്ടായാൽ ദയവും ദാക്ഷിണ്യവും ഉണ്ടാവുകയില്ല. കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ നിക്ഷേപകരുടെ 79.5 കോടി രൂപ പണം മടക്കി കൊടുത്തതായും മന്ത്രി പറഞ്ഞു. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും എക്കാലത്തും സഹകരണ പ്രസ്ഥാനങ്ങളെ സംരക്ഷിക്കാനുമായാണ് സഹകരണ നിയമം കൊണ്ടുവന്നതെന്നും മന്ത്രി പറഞ്ഞു.

മൂല്യ വർധിത ഉൽപാദനരംഗത്ത് കൂടുതൽ സംഭാവനകൾ നൽകാൻ ഫാർമേഴ്സ് ബാങ്കുകൾ ശ്രമിക്കണം. കാർഷിക മേഖലയും സഹകരണ മേഖലയും പരസ്പരം സഹകരണത്തിലൂടെ കടന്നുപോയാൽ വലിയ വിജയം സൃഷ്ടിക്കാൻ കഴിയും. സഹകരണ മേഖലയിലെ നിക്ഷേപം ഒരു നാടിന്റെ പുരോഗമനത്തിനാണ് ആധാരമാകുന്നതെന്ന തിരിച്ചറിവ് ഏവർക്കും ഉണ്ടാവണമെന്നും മന്ത്രി വാസവൻ പറഞ്ഞു.

കൊടകര ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിന് ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമാണ് ഉള്ളത്. പുതുതായി നിർമ്മിക്കുന്ന ഹെഡ് ഓഫീസ് മന്ദിരത്തിന്റെ നിർമ്മാണ ഉദ്ഘാടന ചടങ്ങിൽ സനീഷ് കുമാർ ജോസഫ് എംഎൽഎ അധ്യക്ഷത വഹിച്ചു. കെ കെ രാമചന്ദ്രൻ എംഎൽഎ മുഖ്യാതിഥിയായിരുന്നു. കൊടകര പഞ്ചായത്ത് പ്രസിഡന്റ് അമ്പിളി സോമൻ ചടങ്ങിൽ വിദ്യാഭ്യാസ പുരസ്കാരങ്ങൾ വിതരണം ചെയ്തു. കെ സി ജെയിംസ്, ജില്ലാ പഞ്ചായത്ത് അംഗം സരിത രാജേഷ്, ചാലക്കുടി രജിസ്ട്രാർ എ ജെ രാജി, വി കെ മുകുന്ദൻ, ടെസ്സി ഫ്രാൻസിസ്, ടി എ ഉണ്ണികൃഷ്ണൻ, സി എം ബബീഷ് തുടങ്ങിയവർ സംസാരിച്ചു.

# ടുഗെതർ ഫോർ തൃശൂർ: ആശ്വാസമായി 200 കുടുംബങ്ങൾ

**തൃശൂർ:** ജില്ലയിലെ ഇരുന്നൂറ് കുട്ടികൾക്ക് കരുതലായി ടു ഗെതർ ഫോർ തൃശൂർ പദ്ധതി. കോവിഡ് മഹാമാരി മൂലം മാതാപിതാക്കളോ അവരിലൊരാളോ നഷ്ടപ്പെട്ട ജില്ലയിലെ കുട്ടികളുടെ തുടർ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി ജില്ലാ കലക്ടർ വി ആർ കൃഷ്ണ തേജ മുൻകൈയെടുത്തു നടപ്പാക്കിവരുന്ന വിദ്യാഭ്യാസ സഹായ പദ്ധതിയാണ് ടുഗെതർ ഫോർ തൃശ്ശൂർ. ജില്ലയ്ക്ക് അകത്തും പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ കോഴ്സുകൾ ചെയ്യുന്ന കോളേജ് വിദ്യാർത്ഥികൾ, ജില്ലയിലെ വിവിധ സ്കൂൾ വിദ്യാർത്ഥികൾ എന്നിവർക്കാണ് കലക്ടറുടെ നേരിട്ടുള്ള ഇടപെടലിലൂടെ തുടർ പഠനത്തിന് സഹായം ഒരുങ്ങിയത്.

പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ കോവിഡിൽ മാതാപിതാക്കൾ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട ജില്ലയിലെ കുട്ടികൾക്കാണ് സഹായം നൽകിയിരുന്നത്. എന്നാൽ നിലവിൽ ജില്ലയിലെയും മറ്റു ജില്ലകളിലെയും പഠനമികവ് പുലർത്തുന്ന എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നിരവധി കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

ജില്ലാ കലക്ടർ മുമ്പാകെ ലഭിക്കുന്ന കോവിഡിൽ മാതാപിതാക്കൾ നഷ്ടമായ കുട്ടികളുടെ അപേക്ഷകളിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് മുഖേന വിശദമായ അന്വേഷണം നടത്തിയിരുന്നു. വിദ്യാർത്ഥികളുടെ പഠനവും സാമ്പത്തിക സ്ഥിതിയും പരിശോധിച്ചു തയ്യാറാക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികളെ കലക്ടർ നേരിൽ കണ്ട് വിവരങ്ങൾ ആരാഞ്ഞ് അർഹനാണെന്ന് ഉറപ്പാക്കിയതിനുശേഷമാണ് മുൻഗണന ക്രമത്തിൽ സഹായം നൽകുന്നത്.

സഹായമനസ്കരായ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അസോസിയേഷനുകളുടെയും സഹകരണത്തോടെയാണ് കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം നൽകി വരുന്നത്.

കലക്ടർ മുഖാന്തരം ജില്ലയിലെയും മറ്റു ജില്ലകളിലെയും വിവിധ കോളേജുകൾ ഈ കുട്ടികളുടെ ഫീസ് പൂർണമായ ഭാഗികമായ ഒഴിവാക്കി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പുറമേ കോവിഡ് മൂലം ഭർത്താവ് നഷ്ടപ്പെട്ട നാല് സ്ത്രീകൾക്കും ഈ പദ്ധതി ആശ്രയമായി.

കഴിഞ്ഞ മെയ് 23 നാണ് പദ്ധതിക്ക് ആരംഭംകുറിച്ചത്. അഞ്ചു മാസത്തിനുള്ളിൽ 200 കുട്ടികൾക്കാണ് സഹായം നൽകാൻ കഴിഞ്ഞത്.

# കല്ലട ജലോത്സവം: കല്ലട ഫെസ്റ്റ് ഒരുങ്ങുന്നു



**കുണ്ടറ:** കല്ലട ജലോത്സവത്തിൻറെഭാഗമായി മൺട്രോത്തുരുത്തിൽ കല്ലട ഫെസ്റ്റ് ഒരുങ്ങുന്നു. മണക്കടവ് എസ് വളവ് മൈതാനിയിൽ നവംബർ 18 മുതൽ 26 വരെയാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

പ്രകൃതി രമണീയമായ അഷ്ടമുടി കായലിൻറെ തീരത്തൊരുക്കുന്ന ഫെസ്റ്റിൽ വൈവിധ്യമാർന്ന നൂറോളം സ്റ്റാളുകൾ, പെറ്റ് ഷോകൾ, രുചിയൂറുന്ന വിവിധങ്ങളായ നാടൻ വിഭവങ്ങൾ ഉൾപ്പെടുത്തിയ ഫുഡ് കോർട്ടുകൾ, അമ്യൂസ്മെൻറ് പാർക്ക്, കലാപരിപാടികൾ എന്നിവ ഉണ്ടാകുമെന്ന് കോവൂർ കുഞ്ഞുമോൻ എംഎൽഎ പറഞ്ഞു. കായലിൽ വൈകുന്നേരങ്ങളിൽ ദൃശ്യവിസ്മയം തീർക്കുന്ന കണ്ണഞ്ചിപ്പിക്കുന്ന മ്യൂസിക്കൽ ഫൗണ്ടയിൻ, ലൈറ്റ് ആൻഡ് സൗണ്ട് ഷോ എന്നിവയും ഉണ്ടാകും. നവംബർ 25ന് നടക്കുന്ന സിബിഎൽകല്ലട ജലോത്സവത്തിൽ വെപ്പ് എ ഗ്രേഡ്3 ,ബി ഗ്രേഡ്3, ഇരുട്ടുകുത്തി എ ഗ്രേഡ്3, ബി ഗ്രേഡ്3 എന്നിങ്ങനെ 12 വള്ളങ്ങളെ പ്രാദേശിക മൽസരത്തിൽ പങ്കെടുപ്പിക്കും.

എ ഗ്രേഡ് വള്ളങ്ങൾക്ക് അൻപതിനായിരവും ബി ഗ്രേഡിന് നാൽപ്പതിനായിരം രൂപ വീതം ബോണസ് നൽകാനും എംഎൽഎയുടെ നേതൃത്വത്തിൽ കൂടിയ സംഘാടക സമിതിയോഗത്തിൽ തീരുമാനമായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജയദേവി മോഹൻ, പടിഞ്ഞാറേക്കല്ലട ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്ഡോ. സി ഉണ്ണിക്കൃഷ്ണൻ, മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് അനിറ്റ, ബിനു കരുണാകരൻ, കെ.മധു ,ബഷീർ, പ്രകാശ്, എൻ. സുരേഷ് ബാബു, സജയൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.




# എ.കെ.ഡി.എ ദേശീയ കൺവെൻഷൻ സംഘടിപ്പിച്ചു

**കൊച്ചി:** ആൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ കൺവെൻഷൻ ആൾ ഇന്ത്യ കൺസ്യൂമർ പ്രൊഡക്സ് ഡിസ്ട്രിബ്യൂട്ടേഴ്സ് ഫെഡറേഷൻ

ദേശീയ പ്രസിഡന്റ് ധൈര്യശീൽ എച്ച് പാട്ടിൽ ഉദ്ഘാടനം ചെയ്തു.ധാർമികതയേക്കാൾ രാഷ്ട്രീയം മുന്നിട്ടു നിൽക്കുന്നിടത്ത് വൻകിട കമ്പനികൾ അവരുടെ വില നിലവാരത്തിൽ തിരിച്ചറിയാനാവാത്ത മാറ്റങ്ങളാണ് ഉണ്ടാക്കുന്നതെന്ന് ധൈര്യശീൽ എച്ച് പാട്ടീൽ പറഞ്ഞു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വിതരണക്കാരുടെ സംഘടന ശക്തമായതിനാൽ ഇവിടെയുള്ളവർ ഭാഗ്യവാന്മാരാണെന്നും അദ്ദേഹം പറഞ്ഞു.

രക്ഷാധികാരി ഡോ. പി എം ഗണേഷ് റാം, വൈസ് പ്രസിഡന്റ് അർജുൻ ജലാൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. സംസ്ഥാന പ്രസിഡന്റ് മുജീബുർ റഹ്മാൻ എ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ബിനു മാഞ്ഞാലി, ഉപദേശക ബോർഡ് ചെയർമാൻ ശ്യാമപ്രസാദ് മേനോൻ, മഹാരാഷ്ട്ര ട്രഷറർ വിജയ നാരായണൻ, അയ്യപ്പൻ നായർ, വിൻസെന്റ് ജോൺ, വത്സലൻ എം മേനോൻ എന്നിവർ പ്രസംഗിച്ചു.



## കാഞ്ചിവരം സാരികളുടെ പ്രദർശനം മൂന്നു മുതൽ

**കൊച്ചി:** സാംസ്കാരിക,പാരമ്പര്യ തനിമകൾ ഇഴചേർന്ന കാഞ്ചിവരം സാരികളുടെ വിപുല ശേഖരമായ റെയ്യ പ്രദർശനം കൊച്ചി കനകവല്ലി ഷോറൂമിൽ നവംബർ മൂന്നു മുതൽ അഞ്ചു വരെ നടക്കും. യന്ത്രസഹായം കൂടാതെ കൈകൊണ്ട് മെനഞ്ഞ വിന്റേജ് വാഷ്ഡ് കാഞ്ചിവരം സാരികളുടെ വൈവിധ്യമാർന്ന ശ്രേണി പ്രദർശനത്തിൽ ഉണ്ടാകും. രാവിലെ 10 മുതൽ രാത്രി എട്ടു വരെയാണ് പ്രദർശനം. എറണാകുളം സെന്റ് വിൻസെന്റ് റോഡ് ക്രോഫ്റ്റ് ലെയ്നിലെ ദി ക്രോഫ്റ്റിലാണ് കനകവല്ലി ഷോറൂം.

## സ്മാർട്ട് വില്ലേജ് ഓഫീസ് സാധാരണക്കാർക്ക് മികച്ച സേവനം നൽകും: മന്ത്രി കെ. രാജൻ

**കൊച്ചി:** മാനസിക പിരിമുറുക്കം ഇല്ലാതെ ജീവനക്കാർക്ക് ജോലി ചെയ്യാനും രേഖകൾ പരിശോധിക്കാനും സാധാരണക്കാർക്ക് മികച്ച സേവനം നൽകാനുമുള്ള സൗകര്യം ഒരുക്കുകയാണ് ഓരോ സ്മാർട്ട് വില്ലേജ് ഓഫീസുകളിലൂടെയും സർക്കാരെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ. തരൂർ ഒന്ന്, വടക്കഞ്ചേരി രണ്ട്, തേങ്കുറിശ്ശി ഒന്ന്രണ്ട്, കുഴൽമന്ദം ഒന്ന് വില്ലേജുകളിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ പ്രഖ്യാപനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. നിയമങ്ങൾ സാധാരണക്കാരന് അനുകൂലമായും പരാതികൾ നിയമലംഘനം ഉണ്ടാക്കാതെയും പരിഹരിക്കുമ്പോഴാണ് വില്ലേജ് ഓഫീസുകൾ സ്മാർട്ടാവുന്നത്. നിരവധി ആവശ്യങ്ങൾക്കായി ഏറ്റവുമധികം ആളുകൾ ആശ്രയിക്കുന്ന ഓഫീസുകളാണ് ഇവ. റവന്യൂ വകുപ്പിന്റെ പൂമുഖ വാതിലാണ് ഓരോ വില്ലേജ് ഓഫീസുകളും. വില്ലേജുകൾ സ്മാർട്ടാവുന്നതോടെ അവയുടെ സ്വഭാവത്തിൽ തന്നെ വലിയ മാറ്റം വരികയാണ്. ഫയലുകൾ കെട്ടിക്കിടക്കുന്ന ഒരു ഓഫീസ് എന്ന സങ്കൽപ്പം മാറി. സാധാരണക്കാർക്ക് ഭൂമി ലഭ്യമാവുന്നതിന് തടസമാവുന്ന ചട്ടംനിയമം എന്നിവ ഭേദഗതി ചെയ്യും. ഡിജിറ്റൽ ഭൂസർവേ നടപടികൾ ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ നടക്കുന്ന സംസ്ഥാനം കേരളമാണ്. ഭൂമി ഇല്ലാത്ത ഒരു കുടുംബം പോലും ഉണ്ടാവരുത് എന്നാണ് സർക്കാർ നയം. കഴിഞ്ഞ ഏഴ് വർഷത്തിനകം മൂന്നുലക്ഷം പട്ടയങ്ങളാണ് വിതരണം ചെയ്തത്. അർഹരായ മുഴുവൻ ആളുകൾക്കും ഭൂമി ലഭ്യമാക്കും.

ഭൂമിക്ക് അർഹരായവരെ കണ്ടെത്താനും അവർക്ക് ഭൂമി ലഭ്യമാക്കാനുമായി റവന്യൂ വകുപ്പ് നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഭൂപ്രശ്നങ്ങൾ ഏറ്റവും വേഗത്തിൽ തീർക്കാനുള്ള നടപടികൾ സ്വീകരിച്ചതായും മന്ത്രി പറഞ്ഞു. രമ്യ ഹരിദാസ് എം.പി, എം.എൽ.എമാരായ പി.പി. സുമോദ്, കെ.ഡി പ്രസേനൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ, ജില്ലാ കലക്ടർ ഡോ. എസ്. ചിത്ര, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.കെ ചാമുണ്ണി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയപാർട്ടികൾ എന്നിവർ പങ്കെടുത്തു.

## ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനിയർ

**തിരുവനന്തപുരം:** ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം, ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് എൻജിനിയർ (മെക്കാനിക്)ന്റെ താൽക്കാലിക ഒഴിവിൽ ദിവസ വേതാനാടിസ്ഥാനത്തിലുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു.

മെക്കാനിക്കൽ എൻജിനിയറിങ്ങിൽ ബിടെക് അല്ലെങ്കിൽ തത്തുല്യം അല്ലെങ്കിൽ മെക്കാനിക്കൽ എൻജിനിയറിങ്ങിൽ ഡിപ്ലോമയും, കടലിലും ഉൾനാടൻ ജലാശയങ്ങളിലും ഉപയോഗിക്കുന്ന യാനങ്ങളുടെ നിർമ്മാണത്തിലും, മെയിൻന്റനൻസിലുമുള്ള അഞ്ച് വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത.

അപേക്ഷകൾ ചീഫ് ഹൈഡ്രോഗ്രാഫർ, ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയം, മണക്കാട് പി.ഒ കമലേശ്വരം, തിരുവനന്തപുരം 09 എന്ന വിലാത്തിൽ നവംബർ രണ്ടിനു വൈകിട്ട് അഞ്ചിനു ലഭിക്കത്തക്കവിധത്തിൽ തപാൽ മുഖേനയോ നരിട്ടോ അയക്കണം.



## ജല ബജറ്റ് അവതരണവും നീരുറവ് പദ്ധതിയുടെ സംയോജന സാധ്യതകളും; ജില്ലാതല ശില്പശാല സംഘടിപ്പിച്ചു

**കൊച്ചി:** ജല ബജറ്റ് അവതരണവും നീരുറവ് പദ്ധതിയുടെ സംയോജന സാധ്യതകളും എന്ന വിഷയത്തിൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ ജില്ലാതല ശില്പശാല സംഘടിപ്പിച്ചു. എറണാകുളം ജില്ലയിൽ ജലബജറ്റ് തയ്യാറാക്കിയ ആദ്യ ബ്ലോക്ക് പഞ്ചായത്താണ് മുളന്തുരുത്തി.ബ്ലോക്ക് പഞ്ചായത്തിന്റെ കൂടാതെ ആമ്പല്ലൂർ, ഉദയംപേരൂർ, മുളന്തുരുത്തി, ചോറ്റാനിക്കര, മണീട്, എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തുകളുടെയും ജലബജറ്റ് തയ്യാറാക്കി അവതരിപ്പിച്ചു. ഒരു പ്രദേശത്തെ ജലലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ജല ബജറ്റ് ഇന്ത്യയിൽ ആദ്യമായി തയ്യാറാക്കുന്ന സംസ്ഥാനമായി കേരളം മാറി. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നവ കേരളം കർമ്മപദ്ധതി 2, സി.ഡബ്ല്യൂ.ആർ.ഡി. എം എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

ഒരു പ്രദേശത്തിന്റെ ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കി വിവിധ ആവശ്യങ്ങൾക്ക് സുസ്ഥിരമായ ജലവിതരണം സാധ്യമാക്കുകയാണ് ജല ബജറ്റിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇറിഗേഷൻ,സോയിൽ കൺസർവേഷൻ, കൃഷി വകുപ്പ്,വ്യവസായ വികസന വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, ഭൂജല വിനിയോഗ വകുപ്പ്,എം.ജി.എൻ. ആർ.ഇ.ജി.എസ് തുടങ്ങിയ വിവിധ വകുപ്പുകൾ ആവശ്യമായ സാങ്കേതിക സഹായം നൽകി. വിവരശേഖരണം, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുതല സാങ്കേതിക സമിതി യോഗങ്ങൾ, ജലസഭ എന്നിവ സംഘടിപ്പിച്ചു കൊണ്ടാണ് ജല ബജറ്റ് തയ്യാറാക്കിയത്.

മുളന്തുരുത്തി ബ്ലോക്ക് പ്രസിഡന്റ് ഷാജി മാധവൻ അധ്യക്ഷത വഹിച്ച യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് ഉദ്ഘാടനം നിർവഹിച്ചു. ജല ബജറ്റ് അവതരണവും നീരുറവ് പദ്ധതിയുടെ സാധ്യതകളും വിഷയാവതരണം നവകേരളം കർമ്മപദ്ധതി 2 ജില്ലാ കോഡിനേറ്റർ രഞ്ജിനി എസ് അവതരിപ്പിച്ചു. യോഗത്തിൽ എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ആർ ജയകുമാർ, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സജിത മുരളി, മണീട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പോൾ വർഗീസ്, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് ജയശ്രീ, ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പുഷ്പ പ്രദീപ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിന്ദു സജീവ്, ബ്ലോക്ക് പഞ്ചായത്ത് അംഗം രാജു പി നായർ, ഹരിത കേരളം ജല ഉപമിഷൻ ജില്ലാ സാങ്കേതിക സമിതി അംഗങ്ങളായ മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീകുമാർ സി, ജില്ലാ പ്ലാനിംഗ് ഓഫീസർ പി എ ഫാത്തിമ , ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ മഞ്ജു എസ് നായർ, ജില്ലാ ഭൂചല വകുപ്പ് ഓഫീസർ കെ യു അബൂബക്കർ , അഗ്രികൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ ഇന്ദു പി നായർ, ബി ഡി ഒ സാബു കെ മാർക്കോസ് എന്നിവർ സംസാരിച്ചു.

## ഇന്ത്യയുടെ യുപിഐ: ഡിജിറ്റൽ പണം അടയ്ക്കൽ ആഗോളതലത്തിൽ മുൻനിരയിൽ

**ന്യൂദൽഹി:** സമീപ വർഷങ്ങളിൽ ആഗോള തലക്കെട്ടുകൾ നേടിയ ഒരു ഇന്ത്യൻ സംരംഭം ഉണ്ടെങ്കിൽ, അത് നിസ്സംശയമായും യുപിഐ (യൂണിഫൈഡ് പേയ്മെന്റ്സ് ഇന്റർഫേസ്) പണം അടയ്ക്കൽ സംവിധാനമാണ്. ഇന്ന്, ഇന്ത്യയിൽ നടക്കുന്ന എല്ലാ പേയ്മെന്റുകളുടെയും 40% ത്തിലധികം ഡിജിറ്റൽ ആണ്.

തെരുവ് കച്ചവടക്കാർ മുതൽ വലിയ ഷോപ്പിംഗ് മാളുകൾ വരെ എല്ലാ തലങ്ങളിലും യുപിഐ ഉപയോഗിക്കുന്നു. ഇന്ന്, ലോകത്തിൽ ഏറ്റവും കൂടുതൽ ഡിജിറ്റൽ ഇടപാടുകളുള്ള രാജ്യമാണ് ഇന്ത്യ 2022 ലെ ഡാറ്റ അനുസരിച്ച് ഏകദേശം 46% വിഹിതം. ബ്രസീൽ, ചൈന, തായ്‌ലൻഡ്, ദക്ഷിണ കൊറിയ എന്നിവയാണ് തൊട്ട് പിന്നിലുള്ളത്. 2016 ൽ വെറും ഒരു ദശലക്ഷം ഇടപാടുകളിൽ നിന്ന് യുപിഐ, 10 ബില്യൺ (1,000 കോടി) ഇടപാടുകൾ എന്ന നാഴികക്കല്ലും മറികടന്നു.

യുപിഐ കൊണ്ടുവന്ന ഏറ്റവും വലിയ മാറ്റം ഇന്ത്യക്കാർ ഇടപാട് നടത്തുന്ന രീതിയിലാണ്. ഗ്ലോബൽ ഡാറ്റാ റിസർച്ച് അനുസരിച്ച്, പണമിടപാടുകൾ 2017 ലെ മൊത്തം അളവിന്റെ 90 ശതമാനത്തിൽ നിന്ന് 60 ശതമാനത്തിൽ താഴെയായി കുറഞ്ഞു. 2016 ൽ 500, 1000 രൂപ നോട്ടുകൾ ഘട്ടം ഘട്ടമായി പിൻവലിച്ച് ആറ് മാസത്തിനുള്ളിൽ യുപിഐയിലെ മൊത്തം ഇടപാടിന്റെ അളവ് 2.9 ദശലക്ഷത്തിൽ നിന്ന് 72 ദശലക്ഷമായി ഉയർന്നു. 2017 അവസാനത്തോടെ യുപിഐ ഇടപാടുകൾ മുൻ വർഷത്തെ അപേക്ഷിച്ച് 900 ശതമാനം വർദ്ധിച്ചു.

യുപിഐ അവിശ്വസനീയമാംവിധം ഉപയോക്തൃ സൗഹൃദമാണ്. സെൻസിറ്റീവ് ബാങ്ക് വിശദാംശങ്ങൾ പങ്കിടേണ്ടതിന്റെ ആവശ്യകത ഇല്ലാതാക്കിക്കൊണ്ട് വെർച്വൽ പേയ്മെന്റ് അഡ്രസ് (വിപിഎ) ഉപയോഗിച്ച് പണം അടയ്ക്കാൻ നടത്താൻ ഇത് ഉപയോക്താക്കളെ അനുവദിക്കുന്നു. ഈ പ്രക്രിയ ഒരു സ്മാർട്ട് ഫോണിൽ ഒരു ടെക്സ്റ്റ് സന്ദേശം അയയ്ക്കുന്നതുപോലെ ലളിതമാണ്. അതിന്റെ സ്വാധീനം സൗകര്യത്തിനപ്പുറത്തേക്ക് വ്യാപിക്കുന്നു. ഇത് സാമ്പത്തിക ഉൾച്ചേർക്കൽ, സുതാര്യത, അനൗപചാരിക സമ്പദ്വ്യവസ്ഥ കുറയ്ക്കൽ എന്നിവയ്ക്ക് കാരണമാകുന്നു. ഡിജിറ്റൽ പണം അടയ്ക്കൽ സംവിധാനത്തിന്റെ വിജയം, ഡിജിറ്റൽ പണം അടയ്ക്കൽ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിൽ മാത്രമല്ല, പണത്തിൽ നിന്ന് ഡിജിറ്റലിലേക്ക് മാറാൻ ആളുകളെ പ്രോത്സാഹിപ്പിച്ച പെരുമാറ്റത്തിലും അടങ്ങിയിരിക്കുന്നു.

റുപേ ക്രെഡിറ്റ് കാർഡുകൾ യുപിഐയുമായുള്ള സംയോജനം ഡിജിറ്റൽ പേയ്മെന്റ് വ്യവസ്ഥയിലെ ഒരു വിപ്ലവകരമായ ചുവടുവെപ്പിനെ അടയാളപ്പെടുത്തുന്നു.



11.19 കോടി രൂപ ചെലവിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നിർമിച്ച ഇലവീഴാപൂഞ്ചിറമേലുകാവ് റോഡ്

# ഇലവീഴാപൂഞ്ചിറമേലുകാവ് റോഡ് രാജ്യാന്തര നിലവാരത്തിൽ

**11.19 കോടി ചെലവിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നിർമാണം**

**മേലുകാവ്:** മേലുകാവ് ഗ്രാമപഞ്ചായത്തിൽ ഇലവീഴാപൂഞ്ചിറമേലുകാവ് റോഡിന്റെ നിർമാണം ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ പൂർത്തിയായതായി മാണി സി കാപ്പൻ എം എൽ എ അറിയിച്ചു. 11.19 കോടി രൂപ ചെലവിൽ കാഞ്ഞാർകൂവപ്പള്ളി ചക്കിക്കാവ്ഇലവീഴാപൂഞ്ചിറമേലുകാവ് റോഡിന്റെ ഇലവീഴാപൂഞ്ചിറ മുതൽ മേലുകാവു വരെയുള്ള 5.5 കിലോമീറ്ററാണ് പുനർനിർമിച്ചത്.

ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ഇലവീഴാപൂഞ്ചിറയിലേക്കുള്ള റോഡ് തകർന്നു കിടക്കുകയായിരുന്നു. 2021 സെപ്റ്റംബറിലാണ് റോഡിന്റെ നിർമാണം ആരംഭിച്ചത്. വിനോദസഞ്ചാരികളുടെയും നാട്ടുകാരുടെയും ദീർഘകാല സ്വപ്നമാണ് യാഥാർഥ്യമായത്. ഇതോടെ ഇല്ലിക്കൽക്കല്ല്, കട്ടിക്കയം തുടങ്ങിയ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് ഉണർവേകും.

5.5 മീറ്റർ വീതിയുള്ള റോഡിൽ ആവശ്യമായ സ്ഥലങ്ങളിൽ 21 കലുങ്കുകൾ, ഉപരിതല ഓടകൾ, സംരക്ഷണ ഭിത്തികൾ എന്നിവ നിർമിച്ചിട്ടുണ്ട്. സുരക്ഷിതമായ യാത്രയ്ക്കായി ക്രാഷ് ബാരിയറുകൾ, ദിശാസൂചകങ്ങൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ടെന്നും മാണി സി കാപ്പൻ അറിയിച്ചു.




# ജാഗൃതി ജി20 സ്റ്റാർട്ടപ്പ്20 യാത്ര 2023നു പിന്തുണ പ്രഖ്യാപിച്ച് സ്മോൾ ഇൻഡസ്ട്രീസ് ബാങ്ക് ഓഫ് ഇന്ത്യ

**മുംബൈ:** ജി 20 ന്യൂഡൽഹി പ്രഖ്യാപനത്തിന്റെ സന്ദേശം സ്വീകരിക്കുന്നതിനും പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ജൻഭാഗിദാരി, എല്ലാവരേയും ഉൾക്കൊള്ളുന്നതും സുസ്ഥിരവും ഹരിതവുമായ വളർച്ചയുടെ കാഴ്ചപ്പാടിന് അനുസൃതമായി, ഇന്ത്യയിലുടനീളം സവിശേഷമായ ഒരു സംരംഭകത്വ ട്രെയിൻ യാത്രയെ സിഡ്ബി പിന്തുണയ്ക്കും.

നവംബർ അവസാനം ജി20 പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുന്ന ബ്രസീലിലേക്ക് ബാറ്റൺ കൈമാറുന്നതിന് മുമ്പ് ഡൽഹി പ്രഖ്യാപനം രാജ്യത്തുടനീളം എത്തിക്കുക എന്നതാണ് ജാഗൃതി ജി20 സ്റ്റാർട്ടപ്പ്20 യാത്ര 2023 ന്റെ ദൗത്യം. സുസ്ഥിരത, ഡിജിറ്റൽ പരിവർത്തനം, എന്റർപ്രൈസ് ഇക്കോസിസ്റ്റംസ് പ്രാപ്തമാക്കൽ, അതിർത്തി കടന്നുള്ള സഹകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ തന്നെ എല്ലാവരെയും ഉൾക്കൊള്ളുന്ന സംരംഭകത്വവും സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനവുമാണ് യാത്രയുടെ പ്രധാന തീമുകൾ.

ജാഗൃതി ജി20 സ്റ്റാർട്ടപ്പ്20 യാത്രയുടെ ഭാഗമായി ജി20 ഡൽഹി പ്രഖ്യാപനത്തിന്റെ ഈ പ്രധാന തത്വങ്ങൾ ചില മെഗാ ഇവന്റുകളിലൂടെ വിപുലീകരിക്കും. മുംബൈ, ബെംഗളൂരു, വാരണാസി, ദിയോരിയ, ഡൽഹി (രണ്ട് ഇവന്റുകൾ), ഗാന്ധിനഗർ എന്നിവിടങ്ങളിലാണ് ഈ മെഗാ ഇവന്റുകൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

ഒക്ടോബർ 28ന് മുംബൈയിൽ നിന്ന് ആരംഭിച്ച് 2023 നവംബർ 10ന് മുംബൈയിൽ യാത്ര അവസാനിപ്പിക്കുന്ന ഈ ട്രെയിൻ ഇന്ത്യയിലുടനീളം 8000 കിലോമീറ്റർ സഞ്ചരിക്കും. ജി20 രാജ്യങ്ങളിൽ നിന്നുള്ള 70 പേർ ഉൾപ്പെടെ 450 പേർ ഈ സംരംഭകത്വ ട്രെയിൻ യാത്രയുടെ ഭാഗമാകും. ഈ യാത്രയിലൂടെ, പങ്കെടുക്കുന്നവർക്ക് ഇൻക്ലൂസീവ് പ്രാക്ടീസുകളിലേക്കും ആഗോള നെറ്റ്വർക്കിംഗിലേക്കും ഉള്ള ഉൾക്കാഴ്ചകൾ നേടുകയും ഇൻഡ്യൻ, ഇന്റർനാഷണൽ എന്റർപ്രൈസ്, ഇന്നൊവേഷൻ ഇക്കോസിസ്റ്റം എന്നിവയുമായി പരിചയം നേടുകയും ചെയ്യും.

സംരംഭകത്വത്തിലൂടെയും സുസ്ഥിരത വർധിപ്പിക്കുന്നതിലൂടെയും രാജ്യത്തെ പരിവർത്തനം ചെയ്യുന്നതിൽ വിശ്വസിക്കുന്ന എംഎസ്എംഇ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന രാജ്യത്തിന്റെ വികസന ധനകാര്യ സ്ഥാപനമായ (ഡിഎഫ്ഐ) ഒരു ഗ്രീൻ പാർട്ണർ എന്ന നിലയിലാണ് ഈ യാത്രയെ സിഡ്ബി പിന്തുണയ്ക്കുന്നതെന്ന് സിഡ്ബി സിഎംഡി ശിവസുബ്രഹ്മണ്യൻ രാമൻ പറഞ്ഞു.

ജി20 പങ്കാളികൾക്കിടയിൽ വിവിധ തീമുകൾ അവതരിപ്പിച്ചുകൊണ്ട് യുവാക്കൾക്കും സ്റ്റാർട്ടപ്പുകൾക്കും ഇടയിൽ ഹരിത സംസ്കാരവും സുസ്ഥിരതയും പ്രോത്സാഹിപ്പിക്കുക എന്നതാണ് സിഡ്ബിയുടെ ഈ ട്രെയിൻ യാത്രയെ പിന്തുണയ്ക്കുന്നതിന്റെ ലക്ഷ്യം.

# മറൈൻഡ്രൈവിൽ രാത്രി നിരോധനം ഇല്ല; കർശന നിയന്ത്രണങ്ങൾ മാത്രം

**കൊച്ചി :** മറൈൻഡ്രൈവിൽ രാത്രി നിരോധനം നടപ്പാക്കേണ്ടെന്നു ജിസിഡിഎ തീരുമാനിച്ചു. രാത്രി 10 മുതൽ രാവിലെ 5വരെ ഒരു മാസത്തേക്കു മറൈൻഡ്രൈവ് വോക്‌വേയിൽ പ്രവേശനം നിരോധിക്കാൻ മുൻപെടുത്ത തീരുമാനമാണു വേണ്ടെന്നു വച്ചത്. എന്നാൽ കർശന നിയന്ത്രണങ്ങൾ ഈ സമയത്തുണ്ടാകും. വോക്‌വേയിൽ ഉച്ചഭാഷിണികളോ അതിരുവിട്ട ശബ്ദമോ അനുവദിക്കില്ല. കച്ചവടവും നിരോധിക്കും. ആളുകൾക്കു വോക്‌വേ ഉപയോഗിക്കാം. എന്തൊക്കെ നിബന്ധനകൾ എന്നതു ജിസിഡിഎ വോക്‌വേയിൽ എഴുതി പ്രദർശിപ്പിക്കും.നിലവിലുള്ള നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ചു തന്ന നിരീക്ഷണം ശക്തമാക്കാമെന്നു പൊലീസ് അറിയിച്ചു.

മറൈൻഡ്രൈവ് കോംപ്ലക്സിലെ പൊലീസ് ക്യാബിനിൽ ക്യാമറകളിലെ ദൃശ്യങ്ങൾ പരിശോധിക്കാം. ആവശ്യമെങ്കിൽ കൂടുതൽ സ്ഥലത്തു ക്യാമറ വയ്ക്കും. ഇതിന്റെ ചെലവു ജിസിഡിഎ വഹിക്കും. കൂടുതൽ പൊലീസുകാരെ നിയോഗിക്കാതെ തന്നെ സുരക്ഷിതത്വം ഉറപ്പാക്കാൻ ഇതുവഴി കഴിയും. വോക്‌വേയിലെ മാലിന്യ സംസ്കരണത്തിനു ഹരിത സഹായ സംഘത്തെ ഏർപ്പെടുത്തും. ഇതിന്റെ ചെലവു ജിസിഡിഎ വഹിക്കും.

പൊലീസ്, ജിസിഡിഎ, കോർപറേഷൻ, സിഎസ്എംഎൽ, വ്യാപാരികൾ, ഫ്ലാറ്റ് റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരുൾപ്പെട്ട വാട്സ് ആപ് ഗ്രൂപ്പ് ഉണ്ടാക്കാനും തീരുമാനമായി.ജിസിഡിഎ, കോർപറേഷൻ, പൊലീസ്, സിഎസ്എംഎൽ, ശുചിത്വമിഷൻ, വ്യാപാരികൾ, ജിസിഡിഎ ഷോപ് ഓണേഴ്സ്, അപ്പാർട്മെന്റ് ഓണേഴ്സ് അസോസിയേഷൻ എന്നിവരുടെ പ്രതിനിധികൾ പങ്കെടുത്ത യോഗത്തിലാണു തീരുമാനം.

# മാലിന്യ സംസ്കരണ നടപടി പൂർത്തിയാക്കാൻ നിർദേശം

**ഇരിങ്ങാലക്കുട:** കൂടൽമാണിക്യം ദേവസ്വം കൊട്ടിലാക്കൽ പറമ്പിലെ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഘട്ടംഘട്ടമായി പൂർത്തിയാക്കാൻ നഗരസഭാ കൗൺസിൽ നിർദേശം.

മാലിന്യ സംസ്കരണത്തിനു ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന ദേവസ്വത്തിൻറെ വിശദീകരണം കൗൺസിൽ അംഗീകരിച്ചു. കൊട്ടിലാക്കൽ പറമ്പിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഒരു വ്യക്തി നൽകിയ പരാതിയെത്തുടർന്ന് ആരോഗ്യവിഭാഗം ഉദ്യോഗസ്ഥരും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പരിശോധന നടത്തിയിരുന്നു. ജൈവമാലിന്യം സംസ്കരിക്കാൻ അനുയോജ്യമായ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കാനും ചവറുകളും പൂവും അടക്കമുള്ളവ സംസ്കരിക്കാൻ തുമ്പൂർമുഴി മോഡൽ എയ്റോബിക് ബിൻ സ്ഥാപിക്കാനും നിർദേശം നൽകിയിരുന്നു.ദേവസ്വം നഗരസഭയ്ക്ക് നൽകിയ വിശദീകരണമാണു കൗൺസിൽ അംഗീകരിച്ചത്. കൊട്ടിലാക്കൽ പറമ്പിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് താൻ നേരത്തെ ഉന്നയിച്ച ആക്ഷേപങ്ങൾ ശരിവയ്ക്കുന്നതാണ് കൗൺസിലിലെ അജൻഡയെന്നു ബിജെപി പാർലമെൻററി പാർട്ടി ലീഡർ സന്തോഷ് ബോബൻ പറഞ്ഞു.മാലിന്യങ്ങൾ സംസ്കരിക്കാൻ ദേവസ്വത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലെന്നും കൊട്ടിലാക്കൽ പറമ്പിൽ ആനപ്പിണ്ടം കത്തിക്കുന്നതോടൊപ്പം ഉണക്കപ്പട്ടകളും പ്ലാസ്റ്റിക്കുകളുമെല്ലാം കത്തിക്കുന്നതു പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നെന്നും അറിയിച്ചിരുന്നു.

# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ വിജിലൻസ് ബോധവത്കരണ വാരം ആചരിക്കുന്നു

**മുംബൈ :**സെൻട്രൽ വിജിലൻസ് കമ്മീഷൻ വിഭാവനം ചെയ്തതുപോലെ, അഴിമതിയോട് നോ; രാഷ്ട്രത്തോട് പ്രതിബദ്ധത എന്ന വിഷയത്തിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഒക്ടോബർ 30 മുതൽ നവംബർ 5 വരെ വിജിലൻസ് ബോധവത്കരണ വാരം ആചരിക്കുന്നു. യുവാക്കൾ, സ്ത്രീകൾ, ജീവനക്കാർ, അവരുടെ കുടുംബാംഗങ്ങൾ, പൊതുജനങ്ങൾ എന്നിവരിൽ ജകളജക, വിജിലൻസ്, പ്രോബിറ്റി, ധാർമ്മികത എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ബാങ്ക് വിവിധ പരിപാടികൾ വാരാചരണത്തിന്റെ ഭാഗമായി ബാങ്ക് സംഘടിപ്പിക്കും.




ഇതോടൊപ്പം സർദാർ വല്ലഭായ് പട്ടേലിന്റെ 148ാം ജന്മദിനത്തിന്റെ സ്മരണയ്ക്കായി, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയും ബാങ്ക് ഓഫ് ഇന്ത്യയും ചേർന്ന് അദ്ദേഹത്തിന്റെ ജന്മസ്ഥലമായ നദിയാഡിൽ നിന്ന് യൂണിറ്റി പ്രതിമയിലേക്ക് 148 കിലോമീറ്റർ റാലിയും സംഘടിപ്പിച്ചു. രണ്ട് ബാങ്കുകളുടെയും മാനേജ്മെന്റ് വീഡിയോ കോൺഫറൻസിലൂടെ റാലി ഫ്ലാഗ് ഓഫ് ചെയ്തു. പിഐഡിപിഐയെക്കുറിച്ചുള്ള (പബ്ലിക് ഇന്റെറസ്റ്റ് ഡിസ്ക്ലോഷർ ആൻഡ് പ്രൊട്ടക്ഷൻ ഓഫ് ഇൻഫൊർമർ) കാർട്ടൂൺ പുസ്തകം, തട്ടിപ്പ് തടയൽ കലയെക്കുറിച്ചുള്ള പുസ്തകം, ബാങ്കിംഗ് വിത്ത് ഇന്റഗ്രിറ്റി, വിജിലൻസ് വാൻഗാർഡ് എന്നിവയും എക്സിക്യൂട്ടീവ് ഡയറക്ടർമാർക്കൊപ്പം ബാങ്കിന്റെ മുതിർന്ന ഉദ്യോഗസ്ഥർ പ്രകാശനം ചെയ്തു. അഴിമതിക്കെതിരായ പോരാട്ടത്തിന് പ്രത്യേക പ്രാധാന്യം നൽകുന്ന സിനിമകളും ജിംഗിൾസും ചടങ്ങിൽ പ്രകാശനം ചെയ്തു.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ സെൻട്രൽ ഓഫീസിൽ, എക്സിക്യൂട്ടീവ് ഡയറക്ടർമാർ, ബാങ്കിന്റെ സീനിയർ എക്സിക്യൂട്ടീവുകൾ, വെർച്വൽ മോഡ് (പാൻ ഇന്ത്യ) വഴി ചേർന്ന ഫീൽഡ് എക്സിക്യൂട്ടീവുകൾ എന്നിവർ സത്യസന്ധതയുടെസടെയും ഉയർന്ന നിലവാരം ഉയർത്താൻ സമഗ്രത പ്രതിജ്ഞയെടുത്തു. എക്സിക്യൂട്ടീവ് ഡയറക്ടർ നിതേഷ് രഞ്ജൻ തന്റെ സന്ദേശത്തിലൂടെ സുസ്ഥിരമായ വളർച്ച കൈവരിക്കുന്നതിന് ജീവിതത്തിന്റെ എല്ലാ തുറകളിലും സത്യസന്ധതയും, സുതാര്യതയും സമഗ്രതയും പാലിക്കണമെന്ന് എല്ലാ യൂണിയനുകളോടും അഭ്യർത്ഥിച്ചു. അഴിമതിയും ദുഷ്പ്രവൃത്തികളും ഫ്ലാഗ് അപ്പ് ചെയ്യാൻ ജീവനക്കാർ പിഐഡിപിഐ, വിസിൽ ബ്ലോവർ സംവിധാനം ഉപയോഗിക്കുന്നതിന് അദ്ദേഹം കൂടുതൽ ഊന്നൽ നൽകി.

# പാലക്കാട് ജില്ലയിൽ ഇതുവരെ സംഭരിച്ചത് 1791.98 മെട്രിക് ടൺ നെല്ല്

**പാലക്കാട്:** ജില്ലയിൽ ഈ മാസം ആദ്യവാരത്തോടെ നെല്ല് സംഭരണം ആരംഭിച്ചതായും ഇതുവരെ 1791.98 മെട്രിക് ടൺ നെല്ല് സംഭരിച്ചതായും പാഡി മാർക്കറ്റിംഗ് ഓഫീസർ ജില്ലാ വികസന സമിതി യോഗത്തിൽ അറിയിച്ചു. 11 മില്ലുകളാണ് നെല്ല് സംഭരിക്കുന്നത്. ജില്ലയിൽ ആലത്തൂർ താലൂക്കിലാണ് നെല്ല് സംഭരണം ആരംഭിച്ചത്. സംഭരണത്തിനായി കൃഷി വകുപ്പിൽനിന്ന് 18 കൃഷി അസിസ്റ്റൻറുമാരെ പ്രൊക്യുർമെൻറ് അസിസ്റ്റൻറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സപ്ലൈകോ 20 പേരെ ദിവസവേതനാടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ടെന്ന് യോഗത്തിൽ



പാഡി മാർക്കറ്റിംഗ് ഓഫീസർ അറിയിച്ചു. ജില്ലയിൽ 49,730 പേർ നെല്ല് സംഭരണത്തിനായി രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻറെ എണ്ണം കൂട്ടാനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർക്ക് എംഎൽഎമാരായ കെ.ഡി. പ്രസേനൻ, കെ. ബാബു എന്നിവർ നിർദേശം നൽകി. ആവശ്യമാകുന്ന മുറയ്ക്ക് പ്രൊക്യുർമെൻറ് അസിസ്റ്റൻറുമാരുടെ സേവനം ഉറപ്പാക്കണമെന്ന് കെ. ബാബു എംഎൽഎ പറഞ്ഞു.

# ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് മലയോര ഹൈവേ സഹായകരമാകും

**കട്ടിപ്പാറ:** ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിന് മലയോര ഹൈവേ സഹായകരമാകുമെന്ന് പൊതുമരാമത്ത് ടൂറിസം മന്ത്രി പി.എ.മുഹമ്മദ് റിയാസ്. ഇതുവഴി പ്രദേശത്തിൻറെ സാമൂഹികവും സാന്പത്തികവുമായ വികാസവും സാധ്യമാകുമെന്നും മന്ത്രി പറഞ്ഞു. തലയാട് മുതൽ മലപ്പുറം വരെയുള്ള മലയോര ഹൈവേയുടെ നിർമാണ ഉദ്ഘാടനം കട്ടിപ്പാറ പഞ്ചായത്ത് ഓഫീസ് പരിസരത്ത് നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്ത് ഇതിനോടകം 683 കിലോമീറ്റർ മലയോര ഹൈവേ യാഥാർത്ഥ്യമായിട്ടുണ്ട്. ആകെയുള്ള പ്രവൃത്തിയുടെ 50 ശതമാനമാണിത്.293 കിലോ മീറ്റർ പ്രവൃത്തി പുരോഗമിക്കുകയാണ്. 735 കിലോമീറ്റർ മലയോര ഹൈവേയുടെ പ്രവൃത്തിക്ക് സാന്പത്തിക അനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 2985 കോടി രൂപ ഇതിനകം അനുവദിച്ചു കഴിഞ്ഞു. 2026 ഓടെ സംസ്ഥാനത്ത് മലയോര ഹൈവേയുടെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ് സർക്കാരെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com